# പതിനാലാം കേരളനിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.279** **28/01/2019- ൽ മറുപടിയ്ക്ക്**

**മെഡിക്കൽ റീഇംബേഴ്സ്മെന്റ്**

| **ചോദ്യം**<br>**ശ്രീ. എം.നൗഷാദ്** | | **ഉത്തരം**<br>**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേയ്ക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി അയയ്ക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ബില്ലുകൾ പരിശോധിച്ച്, അനുവദനീയമായ തുക തിട്ടപ്പെടുത്തുന്നതിന്, അപേക്ഷകളുടെ ബാഹുല്യം മൂലം ഉണ്ടാകുന്ന കാലതാമസ്സമാണ് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നതിന് കാരണം. പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനായി 06.10.2017 ലെ ജി.ഒ.(എം.എസ്) നമ്പർ 145/2017/ആകുവ നമ്പർ ഉത്തരവ് പ്രകാരം ഗവൺമെന്റ് ആശുപത്രികളിലെ ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകളിൽ 50,000/-രൂപവരെയുള്ളവ ജില്ലാതല മേധാവികൾക്കും 50,000/-രൂപ മുതൽ 2,00,000/-രൂപ വരെയുള്ളവ ജില്ലാമെഡിക്കൽ ഓഫീസർമാരുടെ പരിശോധനയ്ക്കുശേഷം ജില്ലാതല മേധാവികൾക്കും 2,00,000/-ത്തിനുമുകളിൽ ഉള്ളവ ആരോഗ്യ വകുപ്പ് ഡയറക്ടർ/ ഭാരതീയചികിത്സാവകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്കുശേഷം വകുപ്പ് തലവൻമാർക്കും തീരുമാനം കൈക്കൊള്ളാൻ അനുവാദം നൽകിയിട്ടുണ്ട്.<br><br>കൂടാതെ Authorized Medical Attendant-ന്റെ ശുപാർശ ഇല്ലാതെ തന്നെ അംഗീകൃത സ്വകാര്യ ആശുപത്രികളിൽ നടത്തിയ, അടിയന്തിര ചികിത്സ ആവശ്യമായ ചില രോഗങ്ങളുടെ, ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ ആരോഗ്യ വകുപ്പിന്റെ പ്രത്യേകാനുമതി ഇല്ലാതെ തന്നെ ധനകാര്യ |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ അനുമതിയോടെ തീർപ്പാക്കാൻ 15.12.2017 ലെ സ.ഉ(കൈ) 184/17/ആകുവ ഉത്തരവ് പ്രകാരം ഭരണ വകുപ്പുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) | കൊല്ലം ജില്ലയിലെ റ്റി.കെ.എം. ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എ ഇംഗ്ലീഷ് അദ്ധ്യാപിക ശ്രീമതി.സബീന സമർപ്പിച്ച മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അപേക്ഷയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) & (സി) | കൊല്ലം ജില്ലയിലെ റ്റി.കെ.എം.ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എ.ആയ ശ്രീമതി.സബീനയുടെ മൂന്ന് മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷകളിൽ അനുവദനീയമായ തുക നിർണ്ണയിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ അടിയന്തിരമായി സ്വീകരിച്ചുവരുന്നു. പ്രസ്തുത അപേക്ഷകൾ തീർപ്പാക്കേണ്ടത് പൊതു വിദ്യാഭ്യാസ വകുപ്പാണ്. |
| (സി) | ടി അപേക്ഷ അടിയന്തരമായി തീർപ്പുകല്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ